പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

പുര പദ്ധതി

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3216

03.04.2013 ൽ മറുപടിക്ക്

ചോദ്യം.

ശ്രീ. റ്റി. വി. രാജേഷ്

ഉത്തരം.

(ഡോ.എം.കെ.മുനീർ,
പഞ്ചായത്തും സാമൂഹ്യക്ഷേമവും
വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | 'പുര' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; ഈ പദ്ധതി നടപ്പിലാക്കുന്നതിന് എന്തൊക്കെ സഹായങ്ങളാണ് ലഭ്യമാക്കുന്നത്; | (എ) | നഗരജീവിതത്തിന്റെ സാദ്ധ്യതകളും സൗകര്യങ്ങളും ഗ്രാമീണർക്കും ലഭ്യമാക്കുകയെന്നതാണ് പുര പദ്ധതിയുടെ അടിസ്ഥാനലക്ഷ്യം. കേന്ദ്രഗവൺമെന്റ് അംഗീകരിച്ച പല പദ്ധതികളുടേയും കൂട്ടായ്മയാണ് ഈ പദ്ധതി. ഇന്ത്യാ ഗവൺമെന്റും, കേരളാഗവൺമെന്റും, ഈ പദ്ധതി നടപ്പിലാക്കുന്നതിന് രൂപീകരിച്ച ഏജൻസിയും ചേർന്നാണ് ഈ പദ്ധതിയ്ക്കുള്ള ധനം സമാഹരിക്കുന്നത്. |
| (ബി) | കണ്ണൂർ ജില്ലയിലെ ഏതെങ്കിലും പഞ്ചായത്തിനെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | (ബി) | ഉൾപ്പെടുത്തിയിട്ടില്ല. |
| (സി) | സംസ്ഥാനത്ത് പുര പദ്ധതിയിൽ ഉൾപ്പെടുത്തിയ പഞ്ചായത്തുകൾ ഏതൊക്കെയാണ്; ഇവിടങ്ങളിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് ഇതുവഴി നടപ്പാക്കുന്നത്? | (സി) | തൃശ്ശൂർ ജില്ലയിലെ തളിക്കുളം പഞ്ചായത്തും മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി പഞ്ചായത്തുമാണ് പുര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. റോഡ്, ശുദ്ധജല വിതരണം, ശുചിത്വം, മത്സ്യമേഖല, ടൂറിസം, വിദ്യാഭ്യാസം, തെരുവ് വിളക്കുകൾ, നീർത്തടം, മാനവവികസനം, തുടങ്ങിയ മേഖലകളിലുള്ള വികസന പ്രവർത്തനങ്ങളാണ് ഈ പദ്ധതി വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ